ശ്രീ. പി. എസ്. സുപാൽ: സർ, ശ്രീ. ഷാഫി പറമ്പിൽ സംസാരിക്കുന്നതിടയിൽ സി.പി.ഐ.-യുടെ സംസ്ഥാന കൗൺസിലിൽ നടന്ന ചർച്ചയെന്ന് പറഞ്ഞ് ചില തെറ്റായ കാര്യങ്ങൾ ഇവിടെ പരാമർശിക്കുകയുണ്ടായി. ഞാനും ആ സംസ്ഥാന കൗൺസിൽ യോഗത്തിൽ പങ്കെടുത്തതാണ്. അദ്ദേഹം പറഞ്ഞ നിലയിലുള്ള ഒരു ചർച്ചയും അവിടെ നടന്നിട്ടില്ല. അത് മാധ്യമസൃഷ്ടിയാണ്. അടിസ്ഥാനരഹിതമാണ്. അത് സഭാ രേഖകളിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിച്ച് വേണ്ട കാര്യങ്ങൾ ചെയ്യാം.